3. കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2799/15-ൽ 8 പ്രതികളിൽ 4 പേരെ അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്ത പ്രതികൾ-

(1) പ്രവീൺ കുമാർ, S/o ദിലീപ് കുമാർ

(2) ശ്യാംരാജ്, S/o രാജേന്ദ്രൻ

(3) ഗോകുൽ, S/o രാജേന്ദ്രൻപിള്ള

(4) സുധീഷ്, S/o സുരേന്ദ്രൻപിള്ള

4. കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2804/15-ൽ 5 പ്രതികളിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം

2546 (2084) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന അതിക്രമങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇത്തരം കേസുകളിൽപ്പെട്ട എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന അതിക്രമങ്ങളിൽ 62843 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇത്തരം കേസ്സുകളിൽ 1546 പേരെ ശിക്ഷിച്ചിട്ടുണ്ട്.

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ജനമൈത്രി പോലീസ്, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, റസിഡൻസ് അസോസിയേഷൻ, വനിതാ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ സ്കൂൾ-കോളേജ് തലത്തിലും, പൊതുജനങ്ങൾക്കിടയിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പട്രോളിംഗ് ശക്തമാക്കുകയും ചെയ്തുവരുന്നു. കൂടാതെ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly